₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 4

October 2020

pages 24

"അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇട യിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറ് എന്നു എണ്ണുന്നു"

**(ഫിലിപ്പിയർ 3:10,11)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 9  Issue 4  October 2020  pages 24  Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, Sebastian M.V. എന്ന പേരിൽ ക്രോസ്സ്ഡ് ചെക്ക് അയയ്ക്കുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 106**


## ഉള്ളടക്കം

പേജ്


- **ബൈബിളിലെങ്ങും കാണുന്നില്ല** 3
- **പ്രതികരണങ്ങൾ** 6
- **തൃശ്ശൂരിലെ താരപ്പേട്ടൻ** (2) 7
- **പുതിയനിയമത്തിലൂടെ യാത്ര**(11) 11
- **പരിശുദ്ധാത്മാവ്** (29) 14
- **യോവേൽ** (18) 17
- **കൊച്ചുണ്ണിയുടെ.....** (16) 19
- **ബൈനോക്കുലർ** (12) 21
- **... ദുരന്തക്കാഴ്ചകൾ** (56) 22
- **പാറ പൊട്ടിക്കലും.....** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ബൈബിളിലെങ്ങും കാണുന്നില്ല!

ബൈബിൾപണ്ഡിതന്മാർ കഴിഞ്ഞ കാലങ്ങളിൽ ധാരാളം ഇവിടെ ഉണ്ടായിട്ടുണ്ടായിരിക്കാം. ഇന്നും പലരും ബൈബിൾപണ്ഡിതന്മാരെന്നു സ്വയം വിളിക്കുകയോ മറ്റുള്ളവരാൽ വിളിക്കപ്പെടുകയോ ചെയ്തുപോരുന്നുണ്ട്. ഏതായാലും ഞാൻ ബൈബിൾപണ്ഡിതനല്ല. പക്ഷേ എനിക്കു ബൈബിൾ വായിക്കാനറിയാം. എക്കാലത്തുമുള്ള ഏതു ബൈബിൾപണ്ഡിതനേക്കാളും അധികമായി എനിക്ക് കർത്താവിനെയും അപ്പൊസ്തലന്മാരെയും വിശ്വാസമുണ്ട്. അവർ പറയാത്ത കാര്യങ്ങൾ ബൈബിൾപണ്ഡിതന്മാർ പറയുന്നതിനോട് എനിക്കു യോജിപ്പില്ല. അത്തരം കാര്യങ്ങൾ അംഗീകരിക്കാൻ ഞാൻ തയ്യാറുമല്ല.

നിങ്ങളെന്നെ ദുരുപദേശക്കാരൻ എന്നോ പിന്തിരിപ്പൻ എന്നോ ഒക്കെ വിളിച്ചോളൂ. ബൈബിളിൽ ഇല്ലാത്ത കാര്യങ്ങൾ പഠിപ്പിക്കുന്നവർ എന്നെ എന്തു വേണമെങ്കിലും വിളിച്ചോട്ടെ. അവർക്കുള്ള ന്യായവിധി അവർ തന്നെ ചുമക്കേണ്ടിവരും. കർത്താവോ അപ്പൊസ്തലന്മാരോ പറഞ്ഞിട്ടില്ലാത്ത പദപ്രയോഗങ്ങൾ ബൈബിൾപണ്ഡിതന്മാർ പറഞ്ഞാൽ ഞാൻ അതിനെ എതിർക്കും. ഞാൻ ബൈബിൾപണ്ഡിതന്മാരുടെ പക്ഷത്തു നിലകൊള്ളാനല്ല, കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും പക്ഷത്തു നിലകൊള്ളാനാണ് ആഗ്രഹിക്കുന്നത്.

ബൈബിളിലില്ലാത്ത മൂന്നു വാചകങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ഈ വാചകങ്ങൾ ഇക്കാലത്ത് ധാരാളമായി ഉപയോഗിച്ചു വരുന്നതുകൊണ്ട് ഒട്ടുമിക്ക ആളുകളുടെയും വിചാരം ഈ വാചകങ്ങൾ ബൈബിളിൽ ഉണ്ടെന്നാണ്. പക്ഷേ ബൈബിളിൽ ഇവയില്ല. അതുകൊണ്ട് ഈ വാചകങ്ങൾ അംഗീകരിക്കാൻ നാം തയ്യാറാവരുത്. താഴെപ്പറയുന്നവയാണ് ആ മൂന്നു വാചകങ്ങൾ.

**1. 'രക്ഷിക്കപ്പെട്ടു സ്നാനപ്പെടുക'**

ഇങ്ങനെയൊരു പദപ്രയോഗം പുതിയനിയമത്തിൽ എങ്ങനെയൊക്കെ അരിച്ചുപെറുക്കി നോക്കിയാലും നമുക്കു കാണാൻ കഴിയില്ല എന്നുള്ളതാണ് സത്യം. 'രക്ഷയും സ്നാനവും' എന്നോ 'രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു' എന്നോ

ബൈബിളിൽ ഒരൊറ്റ തവണ പോലും എഴുതിയിട്ടില്ല. 'വിശ്വസിക്കയും സ്നാനമേൽക്കയും' എന്നോ, 'വിശ്വസിച്ചു സ്നാനപ്പെട്ടു' എന്നോ മാത്രമാണ് നാം വായിക്കുന്നത്. തെളിവു വാക്യങ്ങൾ നോക്കുക:

(1) "**വിശ്വസിക്കയും സ്നാനം ഏൽക്കുകയും** ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (മർക്കൊസ് 16:16)

(2) "....അവർ **വിശ്വസിച്ചപ്പോൾ**....**സ്നാനം ഏറ്റു**"(അപ്പൊ.പ്രവൃ.8:12)

(3) "ശീമോൻ താനും **വിശ്വസിച്ചു സ്നാനം ഏറ്റു**" (അപ്പൊ.പ്രവൃ.8:13)

(4) "......ഞാൻ **വിശ്വസിക്കുന്നു**.....അങ്ങനെ....അവൻ അവനെ **സ്നാനം** കഴിപ്പിച്ചു" (അപ്പൊ.പ്രവൃ.8:37,38)

(5) ''കൊരിന്ത്യരിൽ അനേകർ വചനം കേട്ടു **വിശ്വസിച്ചു സ്നാനമേറ്റു**'' (അപ്പൊ. പ്രവൃ.18:8)

(6) "**വിശ്വാസത്താൽ** നിങ്ങൾ.....**സ്നാനം** ഏറ്റിരിക്കുന്ന നിങ്ങൾ...." (ഗലാത്യർ 3:26,27)

(7) "**വിശ്വാസം** ഒന്ന്, **സ്നാനം** ഒന്ന്...." (എഫെസ്യർ 4:5)

(8) "**വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം** ...." (എബ്രാ. 6:1)

'രക്ഷിക്കപ്പെട്ടു സ്നാനപ്പെടുക' എന്നു പറയുന്ന രീതി തെറ്റു തന്നെയാണ്. ഇങ്ങനെയൊരു രീതി ആദിമനൂറ്റാണ്ടിൽ ഉണ്ടായിരുന്നേയില്ല. 'വിശ്വസിച്ചു സ്നാനപ്പെടുക' എന്ന പദപ്രയോഗം ബൈബിളിൽ ഉപയോഗിച്ചിട്ടുള്ളപ്പോൾ, അതു ഉപയോഗിക്കാതെ മറ്റൊരു പ്രയോഗം കൊണ്ടുവരുന്നതിലെ ഔചിത്യം എന്താണ്? കർത്താവിനേക്കാളും അപ്പൊസ്തലന്മാരേക്കാളും വിവരം കൂടിയവർ നാം ആകരുതേ, പ്ലീസ്!

**2. 'വിശ്വാസത്താൽ മാത്രമാണ് രക്ഷ'**

വിശ്വാസത്താലാണ് രക്ഷ എന്നു പറയാം. എന്നാൽ ഇന്ന് പലരും പ്രസംഗിക്കുന്ന പോലെ വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നു ബൈബിളിലില്ല. അപ്പോഴേക്കും നെറ്റി ചുളിച്ച്, എന്നെ ദുരുപദേശക്കാരൻ എന്നു വിളിക്കല്ലേ. വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നു ബൈബിളിൽ എഴുതിയിട്ടില്ല എന്നേ ഞാൻ പറഞ്ഞുള്ളൂ. അതൊരു വാസ്തവമാണ്. ബൈബിളിൽ അങ്ങനെ പറയാത്തതുകൊണ്ട്, വിശ്വാസത്താൽ മാത്രമാണ് രക്ഷ എന്നു ഞാനും പറയാറില്ല. ബൈബിളിൽ കാണാത്ത ഭാഷാപ്രയോഗങ്ങൾ എനിക്കു വേണ്ട.

എന്തുകൊണ്ടാണ്, വിശ്വാസത്താൽ മാത്രം രക്ഷ എന്നു ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലാത്തത്? കാരണം വളരെ ലളിതമാണ്. ഒരുവന്റെ രക്ഷയിൽ വിശ്വാസം എന്ന ഒറ്റ ഘടകം മാത്രമല്ല ഉള്ളത്. വേറെയും ഘടകങ്ങൾ ഉള്ളതുകൊണ്ടു തന്നെയാണ് വിശ്വാസത്താൽ മാത്രം എന്നു ദൈവാത്മാവ്

രേഖപ്പെടുത്താഞ്ഞത്. ദൈവകൃപ, ക്രൂശിലെ രക്തച്ചൊരിച്ചിൽ, മാനസാന്തരം, വിശ്വാസം, ഏറ്റുപറച്ചിൽ... എന്നിങ്ങനെ പല ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നു വേദപുസ്തകത്തിൽ നമുക്ക് കാണാൻ കഴിയുന്നുണ്ടല്ലോ.

### 3. 'രക്ഷിക്കപ്പെടുവാൻ നീ ഒന്നും ചെയ്യേണ്ടതില്ല.'

എല്ലാം കർത്താവ് ക്രൂശിൽ ചെയ്തു. ശരി എന്നു സമ്മതിക്കുന്നു. പക്ഷേ രക്ഷിക്കപ്പെടുവാൻ ഒന്നും ചെയ്യേണ്ടതില്ല എന്ന് ബൈബിളിൽ ഇല്ല. പകരം ചെയ്യണം എന്നു തന്നെയാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

(1) "സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടൂ?" എന്ന ചോദ്യത്തിന് (അപ്പൊ.പ്രവൃ.2:37), ഇന്നാണെങ്കിൽ നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല എന്നു പണ്ഡിതന്മാർ ഉത്തരം പറഞ്ഞേനേ. പക്ഷേ പത്രൊസ് അപ്രകാരം പറഞ്ഞില്ല. പകരം അവർ ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയാണ് ചെയ്തത്.

(2) "യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം?" എന്ന കാരാഗൃഹപ്രമാണിയുടെ ചോദ്യത്തിനു (അപ്പൊ.പ്രവൃ.16:30), അവൻ ചെയ്യേണ്ട കാര്യം പൗലൊസ് പറഞ്ഞുകൊടുത്തു. അതല്ലാതെ, നീ ഒന്നും ചെയ്യേണ്ടതില്ല എന്നു പറഞ്ഞില്ല.

(3) പൗലൊസിനോടു കർത്താവ് പറഞ്ഞത്, "നീ ചെയ്യേണ്ടുന്നത് അവിടെവച്ചു നിന്നോടു പറയും" എന്നാണ് (അപ്പൊ.പ്രവൃ. 9:6). അത് പിന്നീട് അനന്യാസ് വന്നു പറയുകയും ചെയ്തു; പൗലൊസ് അതു അനുസരിക്കുകയും ചെയ്തു എന്നു നാം തുടർന്നുള്ള ഭാഗങ്ങളിൽ നമുക്കു കാണാം.

(4) റോമർ 10:9 ൽ, ".......ചെയ്താൽ നീ രക്ഷിക്കപ്പെടും" എന്നു വ്യക്തമായി കാണാം. അവിടെയും രക്ഷിക്കപ്പെടുവാൻ ചെയ്യേണ്ട കാര്യങ്ങൾ തന്നെയാണ് രേഖപ്പെടുത്തിയത്. ഒന്നും ചെയ്യേണ്ട എന്നല്ല.

(5) മർക്കൊസ് 16:16 ൽ, "............... ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കർത്താവ് ക്രൂശിൽ ചൊരിഞ്ഞ രക്തത്താലാണ് പാപമോചനം സാധ്യമായത് (മത്തായി 26:28; അപ്പൊ.പ്രവൃ.20:28; കൊലൊസ്യർ 1:20; 1 പത്രൊസ് 1:18,19). എന്നാൽ കർത്താവ് ക്രൂശിൽ യാഗമായതുകൊണ്ട് ആർക്കും പാപമോചനം സ്വന്തമാകുന്നില്ല. ഇതു സ്വന്തമാക്കേണ്ടതിന് നമ്മുടെ ഭാഗത്തുനിന്നു ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതുകൊണ്ടാണ് ചെയ്യേണ്ട കാര്യങ്ങൾ കർത്താവും അപ്പൊസ്തലന്മാരും പറഞ്ഞത്. ഇന്നാണെങ്കിൽ സുഹൃത്തേ, താങ്കൾ ഒന്നും ചെയ്യേണ്ടതില്ല എന്നു ആളുകൾ പറയുമായിരുന്നു.

നമുക്ക് ബൈബിളിലെ ഭാഷാരീതി പിന്തുടരാം. എന്തുകൊണ്ടെന്നാൽ, ബൈബിൾപണ്ഡിതന്മാരേക്കാളും വിശ്വാസയോഗ്യം ബൈബിളാണ്. (MVS)

# പ്രതികരണങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം
ഫോൺ: 95 44 557 557

## Juby Thomas, Mundur, Palakkad

മാസികയിലെ എഴുതുന്ന രീതിയും ഉള്ളടക്കവും നല്ലതാണ്. എന്റെ മമ്മി കുറച്ചുനാൾ എന്നോടുകൂടെ ഇവിടെ പാലക്കാടുണ്ടായിരുന്നു. മമ്മി ഈ മാസിക വായിക്കാറുണ്ട്. ഇപ്പോൾ സ്വന്തസ്ഥലമായ കണ്ണൂരിലേക്ക് പോയി. മമ്മിക്ക് ഈ മാസിക മിസ് ചെയ്യുന്നതായി അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് കണ്ണൂരിലേക്ക് ഈ മാസിക അയച്ചുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിലാസം ഇതോടൊപ്പം കൊടുക്കുന്നു.

## K. S. Abraham, Koovappara, Ernakulam

ആഗസ്റ്റ്മാസത്തിലെ ചോദ്യവും ഉത്തരവും എന്ന പംക്തിയിൽ, "ഞാൻ യാക്കോബിനെ സ്നേഹിച്ചു, ഏശാവിനെ ദ്വേഷിച്ചിരിക്കുന്നു" എന്നതിനു കൊടുത്ത വിശദീകരണം വായിച്ചു. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തർ ഏശാവിനെക്കുറിച്ചു പറയുന്നതു കേൾക്കുമ്പോൾ മനസ്സിൽ വലിയ വിഷമം തോന്നാറുണ്ടായിരുന്നു. എന്നാൽ ഈ ലേഖനം വായിച്ചപ്പോൾ അതെല്ലാം മാറി. മാസികയിലെ ലേഖനങ്ങൾ ചെറുത് ആയതുകൊണ്ട് വായിക്കാനും ഓർത്തിരിക്കാനും സൗകര്യപ്രദമാണ്.

## Kurien Mathew, Kakkanad, Kochi

റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ്ഗ്രൂപ്പിൽ സെപ്റ്റംബർ മാസത്തിലെ മാസികയോടൊപ്പം കൊടുത്ത രണ്ടു ഗാനങ്ങളും (സി.വി.താരപ്പൻ എഴുതിയവ) വളരെ അനുഗൃഹീതമായിരുന്നു. നിത്യതയിലേക്കുള്ള നമ്മുടെ പ്രത്യാശയെ ശക്തിപ്പെടുത്തുന്നവയാണ് ആ രണ്ടു ഗാനങ്ങളും.

## Joy K M, Mandalam, Kannur

സെപ്റ്റംബർ മാസത്തെ എഡിറ്റോറിയൽ (*ലജ്ജിച്ചു തലതാഴ്ത്തൂ, ദൈവമക്കളേ*) വളരെ നന്നായിരുന്നു. കാഹളനാദം കേൾക്കാറായ് എന്ന ഗാനത്തിന്റെ രചയിതാവിനെ മനസ്സിലാക്കിത്തന്നതിന് നന്ദി അറിയിക്കുന്നു. ❍

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

2

### -എംവിഎസ്-

**[‘കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ’ എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവസൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...]**

**ജനനം, ബാല്യം**

സി. വി. താരപ്പൻ അഥവാ ചെറുവത്തൂർ വറീത് മകൻ താരപ്പൻ, തൃശ്ശൂർ ജില്ലയിൽ, തലപ്പിള്ളി താലൂക്കിൽ, കാട്ടകാമ്പാൽ വില്ലേജിൽ, പെങ്ങാമുക്ക് എന്ന ഗ്രാമത്തിൽ 1886 ൽ (കൊല്ലവർഷം 1087) ജനിച്ചു. കുന്ദംകുളത്തുനിന്നും 4 മൈൽ അകലെയാണ് പെങ്ങാമുക്ക് എന്ന ഗ്രാമം സ്ഥിതി ചെയ്യുന്നത്. യാക്കോബായസഭാവിശ്വാസികളായി വലിയ മതഭക്തിയോടെ ജീവിക്കുന്ന കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം.

ദുരിതപൂർണ്ണമായ ബാല്യകാലത്തിന്റെ ഓർമ്മകൾ അദ്ദേഹം തന്റെ ആത്മകഥയിൽ *(എന്റെ അനുഭവം)* രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

> കൊല്ലവർഷം 1087-ൽ ഒരു പുരാതന സുറിയാനി ക്രിസ്ത്യാനി കുടുംബത്തിൽ ഞാൻ ജനിച്ചു.....ഞാൻ ചെറുപ്പം മുതൽ വിവിധ രോഗങ്ങളാൽ പീഡിതനായിരുന്നു. രോഗാവസ്ഥയിൽ കിടക്കുമ്പോൾ കാണ്മാൻ വരുന്ന ആളുകൾ, കുട്ടി എപ്പോൾ മരിക്കുമെന്നു അറിഞ്ഞുകൂടാ; വിളക്കിൽ എണ്ണ കരുതിവയ്ക്കണമെന്നു അമ്മയോട് പറഞ്ഞുവത്രേ. ഒരു ദിവസം യാദൃശ്ചികമായി ചികിത്സിപ്പാൻ വന്ന അടുത്ത ഒരു വൈദ്യൻ, അമ്മിയിന്മേൽ വച്ച് അരച്ചാലും, മരിക്കാത്ത ഒരു ആയുസ്സ് ഈ കുട്ടിക്ക് ഉണ്ടെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഇങ്ങനെ രോഗങ്ങളാലും മറ്റും സ്കൂളിൽ പഠിപ്പാൻ താമസം വന്നു.

നിത്യരോഗിയായി  കണക്കാക്കപ്പെട്ട ആ കുഞ്ഞിന്റെ നാഡിഞരമ്പുകൾ പിടിച്ച് പരിശോധിച്ചതിനുശേഷമാകാം ആ മിടുക്കനായ വൈദ്യൻ ഇപ്രകാരം പ്രസ്താവിച്ചത്. അയാൾ പറഞ്ഞത് ഏതായാലും ശരിയായിത്തീർന്നു. ആ കുഞ്ഞ് ശൈശവവും, ബാല്യവും കൗമാരവും യൗവനവും പിന്നിട്ട് 72 വർഷം ജീവിച്ചു! ആ 72 വർഷത്തിന്നിടയിൽ ക്രൈസ്തവസാഹിത്യത്തിനു അമൂല്യമായ സംഭാവനകൾ നൽകി. അതു മാത്രമല്ല, സുവിശേഷപ്രവർത്തനരംഗത്ത്

വിപ്ലവകരമായ ചില മുന്നേറ്റങ്ങൾ അദ്ദേഹം നടത്തി. ചില ദുരുപദേശങ്ങളുമായി ഏറ്റുമുട്ടി. ലളിതമായ ജീവിതം നയിച്ചു.

അദ്ദേഹത്തിന്റെ ഫോട്ടോ എടുക്കാൻ അദ്ദേഹം ആരെയും സമ്മതിച്ചില്ല. അത് അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. തങ്ങളുടെ ഫോട്ടോ എപ്പോഴും മറ്റുള്ളവർ കാണുവാനായി ആഗ്രഹിക്കുന്ന ഞാനുൾപ്പെടെയുള്ള ഇന്നത്തെ വിശ്വാസിസമൂഹത്തിനു ഇതു വളരെ വിചിത്രമായി തോന്നാം. പക്ഷേ താരപ്പേട്ടൻ തന്റെ ഫോട്ടോ ആരും സൂക്ഷിക്കേണ്ടതില്ലെന്നു പറഞ്ഞു. സ്വന്തം ഫോട്ടോ അല്ലെങ്കിൽ ഒരു രേഖാചിത്രം, അതുമല്ലെങ്കിൽ സ്വന്തം മുഖമുള്ള ഒരു ശില്പം... ഇതൊന്നും ഈ ഭൂമിയിൽ ശേഷിപ്പിക്കാതെ കടന്നുപോയ കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും പാത പിന്തുടരാനായിരുന്നു താരപ്പേട്ടന്റെ തീരുമാനം.

അതുകൊണ്ട് അദ്ദേഹത്തിന്റെ ഒരു ഫോട്ടോ വായനക്കാരുടെ മുമ്പാകെ പ്രസിദ്ധീകരിക്കുവാൻ നിവർത്തിയില്ലാതെ വന്നിരിക്കുന്നു. പകരം അദ്ദേഹത്തിന്റെ വീടിന്റെ ചിത്രം ഇവിടെ കൊടുക്കാം.



പെങ്ങാമുക്കിൽ സി. വി. താരപ്പൻ താമസിച്ച വീട്. അല്പസ്വൽപം പുതുക്കലുകൾ നടത്തിയിട്ടുണ്ടെന്നു മാത്രം.

ഈ ഭവനം കാലപ്പഴക്കത്തെ അതിജീവിച്ച് ഇന്നും തലയുയർത്തി നിൽക്കുന്നു.

താരപ്പേട്ടന്റെ അനുജന്റെ മകൻ ചേറു ഇവിടെ കുടുംബമായി ഇപ്പോൾ താമസിക്കുന്നുണ്ട്.

**വിദ്യാഭ്യാസം**

രോഗത്താൽ വലഞ്ഞുപോയ ബാല്യം. ഒപ്പം ദാരിദ്ര്യവും കൂടിയായപ്പോൾ വിദ്യാഭ്യാസം തടസ്സപ്പെട്ടു. മണലിലാണ് എഴുത്ത് ആരംഭിച്ചത്. “കുറെ മാസങ്ങൾ പഠിച്ചതിനുശേഷം കുടുംബദാരിദ്ര്യം നിമിത്തം ആശാന് ഫീസ് കൊടുപ്പാൻ നിവൃത്തിയില്ലായ്കയാൽ സ്കൂൾ വിടേണ്ടിവന്നു” *(എന്റെ അനുഭവം)*

നിക്കൾസ്മദാമ്മയുടെ സഹായത്തോടുകൂടെ പെങ്ങാമുക്കിൽ ആരംഭിച്ച മർത്തോമാസ്കൂളിൽ പിന്നീട് കുറച്ചു കാലം പഠിച്ചു. ആ സ്കൂളിൽ ഫീസ്

അടയ്ക്കേണ്ട ആവശ്യമില്ലായിരുന്നു. ഒരിക്കൽ ബാലനായ താരപ്പൻ മറ്റു കുട്ടികളുടെ മുമ്പാകെ വേദപുസ്തകം ശരിയായി വായിച്ചുകേൾപ്പിച്ചു. ഇത് ആ കുട്ടികൾ ആശാനോട് പറഞ്ഞപ്പോൾ, അദ്ദേഹം താരപ്പന് ക്ലാസ്സ്കയറ്റം കൊടുത്തു. "ഇങ്ങനെയാണ് എന്റെ ക്ലാസ്സുകയറ്റം. അല്പമാസങ്ങൾക്കു ശേഷം വീട്ടിലെ പല ഞെരുക്കങ്ങളാൽ സ്കൂൾ വിട്ടു" *(എന്റെ അനുഭവം).*

സി. വി. താരപ്പന്റെ അനുജന്റെ മകനാണ് ശ്രീ. ചേറു. താരപ്പേട്ടൻ ജീവിച്ച വീട്ടിൽ ഇന്ന് അദ്ദേഹവും കുടുംബവും ജീവിക്കുന്നു.

**(ഫോട്ടോകൾ മൈബൈലിൽ എടുത്ത് അയച്ചുതന്നത് ശ്രീ. സൈമൺവർഗ്ഗീസ്, പോർക്കുളം. അദ്ദേഹം ഈ ലേഖനപരമ്പര തയ്യാറാക്കുന്നതിനായി താരപ്പേട്ടന്റെ പുസ്തകങ്ങളും എനിക്കു കൈമാറിയിരുന്നു)**



1986 ൽ, സി. വി. താരപ്പന്റെ ജന്മശതാബ്ദിവർഷത്തിൽ, ശ്രീ. ജെ. സി. ദേവ് ജീവദ്ധ്വനി മാസികയിൽ 'അനുപമനായ സഹോദരൻ സി. വി. താരപ്പൻ' എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ലേഖനത്തിന്റെ തുടക്കം ഇപ്രകാരമാണ്:

> കേരളത്തിലെ ക്രൈസ്തവ നവീകരണ ചരിത്രത്തിൽ ശ്രദ്ധേയനായ യോദ്ധാവായിരുന്നു സി. വി. താരപ്പൻ. ദൈവം തന്റെ ദാസന്മാരെ നവീകരണത്തിനുവേണ്ടി ഉപയോഗിച്ചതു പല നിലകളിലായിരുന്നു. അവരിൽ, ദൈവകരങ്ങളിൽ ശക്തിയേറിയ ഒരായുധമായിരുന്നു മഹാനായ താരപ്പൻ. വേണ്ടത്ര അക്ഷരാഭ്യാസമോ ജീവിതസൗകര്യങ്ങളോ ഇല്ലാതിരുന്ന അദ്ദേഹത്തെ ദൈവം ഉപയോഗിച്ചപ്പോൾ, അനുപമനായ ഒരു ദൈവദാസനായി അദ്ദേഹം മാറി.

ഇന്നത്തെ കുട്ടികൾ പലർക്കും സൗകര്യങ്ങൾ കൂടുതലാണ്. വേണ്ടുവോളം തിന്നാനും ഉണ്ട്. തിന്നു കൊഴുത്ത് ലോകത്തിന്റെ ഇമ്പങ്ങളിൽ മുഴുകി നടക്കുന്നതല്ലാതെ, ദൈവത്തിനുവേണ്ടി പ്രയോജനപ്പെടാൻ പലരും തയ്യാറല്ല. എന്നാൽ കഷ്ടതയുടെ തീച്ചൂളയിൽ കർത്താവ് മിനുക്കിയെടുത്ത പൊന്നിൻ തരികൾ എക്കാലത്തും കർത്താവിനായി ശോഭിച്ചിട്ടുണ്ട് – താരപ്പനെപ്പോലെ!

സി. വി. താരപ്പന്റെ ഇളയ സഹോദരിയുടെ പേര് എളച്ചാർ എന്നാണ്. അവർ ടീച്ചറായിരുന്നു. സെറാംപൂർ സർവകലാശാലയിൽ തന്റെ ബിരുദപഠനത്തിന്റെ ഭാഗമായി ശ്രീ.സൈമൺ വർഗ്ഗീസ് (പോർക്കുളം) സമർപ്പിച്ച പ്രബന്ധത്തിൽ, എളച്ചാർടീച്ചറുടെ അഭിമുഖം കൊടുത്തിരുന്നു. അതിൽ തന്റെ ആങ്ങളയായ താരപ്പനെക്കുറിച്ച് എളച്ചാർടീച്ചർ പറഞ്ഞത് ഇങ്ങനെയാണ്:

> എന്റെ സഹോദരന് ചുരുങ്ങിയ പക്ഷം എഴുതാനും വായിക്കാനും പഠിക്കണമെന്നുണ്ടായിരുന്നു. പക്ഷേ ഞങ്ങളുടെ സാഹചര്യം അതിന് അനുവദിച്ചില്ല. പത്തു വയസ്സു തികയുന്നതിനുമുമ്പ്തന്നെ മാതാപിതാക്കളെ സഹായിക്കാനും അദ്ധ്വാനിക്കാനും അദ്ദേഹം നിർബന്ധിതനായി.



**എളച്ചാർ ടീച്ചർ**
**(മരണം: 30-8-1983)**

താരപ്പേട്ടനെ കുഞ്ഞനിയത്തി എളച്ചാർ നന്നായി സഹായിച്ചു. താരപ്പേട്ടൻ പറഞ്ഞുകൊടുത്തത് പലപ്പോഴും അക്ഷരശുദ്ധിയോടെ എഴുതിയെടുത്തത് എളച്ചാർ ആയിരുന്നു. താരപ്പേട്ടന്റെ ആത്മകഥ *(എന്റെ അനുഭവം)* എഴുതിയതും എളച്ചാർ ആയിരുന്നു. പുസ്തകരചനയിലും സംഗീതരചനയിലും എളച്ചാർടീച്ചറുടെ സജീവമായ പങ്കാളിത്തം ഉണ്ടായത്, വേണ്ടത്ര അക്ഷരാഭ്യാസമില്ലാത്ത താരപ്പേട്ടന് ഗുണകരമായി. തത്ഫലമായി, സി. വി. താരപ്പന്റെ ഹൃദയം നിറഞ്ഞ് കവിഞ്ഞ് ക്രൈസ്തവകൈരളിയുടെ വിരിമാറിലേക്ക് സുഗന്ധം പരത്തിയൊഴുകിയത് 300-ഓളം ഗാനങ്ങൾ! ആശയസമ്പന്നതയും വാങ്മാധുര്യവും ഭക്തിരസവും കൈകോർത്തു പിടിച്ചുനിൽക്കുന്നവയാണ് ഈ ഗാനകുസുമങ്ങൾ.

'ഇന്നീമംഗലം ശോഭിക്കുവാൻ' എന്ന ഗാനത്തിന്റെ രീതിയിൽ അദ്ദേഹം എഴുതിയ വരികൾ നോക്കൂ:

> വാഴ്ത്തിടുവാനാർത്തിയേറുന്നു-ക്രിസ്തുവിൻ നാമം
> ഓർത്തിടുമ്പോൾ അത്തൽ മാറുന്നു
> സ്തുത്യനെ നിൻ ശുദ്ധനാമം മർത്യരിൻ നിസ്തുല്യനാമം
> സത്യമായ് പുകഴ്ത്തിവാഴ്ത്തി കീർത്തനം ചെയ്വാനസാദ്ധ്യം

പരിതാപകരമായ സാഹചര്യങ്ങളുടെ നടുവിൽ നിന്നുകൊണ്ട്, തന്റെ പരിമിതികളെ മറികടന്ന്, ക്രിസ്തുവിനുവേണ്ടി ശോഭിക്കുവാൻ തയ്യാറായ താരപ്പൻസഹോദരന്റെ ജീവിതം ഇന്നത്തെ തലമുറയെ സ്വാധീനിച്ചെങ്കിൽ!

**(തുടരും)**

# 11 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...


**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**


**രണ്ടാം ഭാഗം: മലകൾ**

**ഒലിവ് മലയെക്കുറിച്ച് ആഗസ്റ്റ് ലക്കത്തിൽ കൊടുത്തിരുന്നു. കഴിഞ്ഞ ലക്കത്തിൽ സീനായ്മലയെക്കുറിച്ചാണ് എഴുതിയത്. എന്നാൽ ഒലിവ്മലയെക്കുറിച്ച് കുറച്ചുകൂടി എഴുതാനുണ്ടായിരുന്നു. അബദ്ധവശാൽ അതു പ്രസിദ്ധീകരിക്കാൻ കഴിയാതെ പോയി. അതിൽ ഖേദിക്കുന്നു. ഈ ലക്കത്തിൽ ഒലിവ്മലയെക്കുറിച്ചുള്ള ബാക്കി ഭാഗം പ്രസിദ്ധീകരിക്കുന്നു**

**ഒലിവ് മല** (തുടർച്ച)

നാം ഒലിവ്മലയെക്കുറിച്ച് ചില കാര്യങ്ങൾ ചിന്തിച്ചതാണല്ലോ. ദാവീദ് ഒലിവ്മലയിൽ ദൈവത്തെ ആരാധിച്ചുവന്നു എന്നും (2 ശമുവേൽ 15:32), ഒലിവ്മല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നു പോകുമെന്നും (സെഖര്യാവ് 14:4), ഒലിവുമലയുടെ അരികെയുള്ള ബേത്ത്ഫഗ എന്ന ഗ്രാമത്തിലാണ് ഹോശന്നാ പാടിക്കൊണ്ട് ജനം കർത്താവിനെ എതിരേറ്റതെന്നും (മത്തായി 21:1) ആണ് നാം പ്രധാനമായും ചിന്തിച്ചത്. ഒലിവുമലയെക്കുറിച്ച് അല്പം ചില കാര്യങ്ങൾ കൂടി നമുക്ക് ഈ ലക്കത്തിൽ ചിന്തിക്കാം.

കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ് 40 ദിവസങ്ങൾക്കുശേഷം സ്വർഗ്ഗാരോഹണം ചെയ്തത് ഒലിവ് മലയിൽ നിന്നായിരുന്നു. കർത്താവ് തന്റെ ശിഷ്യന്മാരുടെ മുമ്പിൽ, അവർ കാൺകെ ആരോഹണം ചെയ്തതിനുശേഷം, ശിഷ്യന്മാർ "ഒലീവ്മല വിട്ട് യെരൂശലേമിലേക്ക് മടങ്ങിപ്പോന്നു" എന്നാണ് നാം വായിക്കുന്നത് (അപ്പൊ.പ്രവൃ.1:12). തന്റെ സ്വർഗ്ഗാരോഹണത്തിനു ഒലിവ്മല തന്നെ കർത്താവ് തിരഞ്ഞെടുത്തത് എന്തുകൊണ്ട് എന്നു ചിന്തിക്കുമ്പോൾ മനോഹരമായ ചില കാര്യങ്ങൾ നമുക്കു കണ്ടെത്താൻ കഴിയും. അതിനു മുമ്പ് നമുക്ക് ഒലീവ്മലയെ ചുറ്റി നടന്നൊന്നു കാണാം. അവിടെ നാം കാണുന്ന കാഴ്ചകൾ താഴെപ്പറയുന്നവയാണ്:

**1. ബേഥാന്യ എന്ന ഗ്രാമം:** ഒലീവ് മലയിലെ ഒരു ഗ്രാമമാണ് ബേഥാന്യ (ലൂക്കൊസ് 24:50 ഉം അപ്പൊ. 1:12 ഉം താരതമ്യം ചെയ്യുക). ലാസർ, മറിയ,

മാർത്ത എന്നിവർ താമസിച്ചിരുന്നത് ഇവിടെയായിരുന്നു. (യോഹന്നാൻ 11:1). കുഷ്ഠരോഗിയായ ശീമോൻ താമസിച്ചിരുന്നതും ബേഥാന്യയിലായിരുന്നു (മത്തായി 26:6). അവിടെ വെച്ചാണ് ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ ഒരു ബോട്ടിൽ കൊണ്ടുവന്ന് കർത്താവിന്റെ ശിരസ്സിൽ ഒഴിച്ചത്. അവളുടെ പ്രവൃത്തിയിൽ കർത്താവിനു പരാതിയില്ലായിരുന്നുവെങ്കിലും പരാതിയുള്ള ചിലർ അവിടെയുണ്ടായിരുന്നു. അവർ വിമർശനവുമായി മുന്നോട്ടു വന്നപ്പോൾ, "ഇവളെ വിടുവിൻ... അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്... കല്ലറയിലെ അടക്കത്തിനായി എന്റെ ദേഹത്തിന് മുമ്പുകൂട്ടി തൈലം തേച്ചു" എന്നു പറഞ്ഞുകൊണ്ടാണ് കർത്താവ് അവരെ നിശബ്ദരാക്കിയത് (മർക്കൊസ്14:6-8).

**2. ഗെത്ത്ശെമന എന്ന തോട്ടം:** കർത്താവിനെ അറസ്റ്റു ചെയ്തത് ഗെത്ത്ശെമന എന്ന തോട്ടത്തിൽ വച്ചായിരുന്നുവല്ലോ. ആ തോട്ടം ഒലീവ്മലയിലായിരുന്നു (മത്തായി 26:30,36). അവിടെവെച്ചാണ് കർത്താവ്, ഈ പാനപാത്രം നീങ്ങിപ്പോകേണമേ എന്നു പ്രാർത്ഥിച്ചത്. അവന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളിപോലെ ആയതും അവിടെ വച്ചാണ് (ലൂക്കൊസ് 22:44). അവിടെ വച്ചാണ് യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തത്. ശിഷ്യന്മാർ കർത്താവിനെ വിട്ടു ഓടിപ്പോയതും അവിടെനിന്നു തന്നെ.

**3. കെദ്രോൻ എന്ന തോട്:** ഒലീവ്മലയിലെ ഗെത്ത്ശെമന എന്ന തോട്ടം കെദ്രോൻ തോട്ടിന്റെ അക്കരെയാണ് എന്നാണ് യോഹന്നാൻ വിശദീകരിക്കുന്നത് (യോഹന്നാൻ 18:1).

അപ്പോൾ ഒലീവ്മലയിൽ ബേഥാന്യ എന്ന ഗ്രാമമുണ്ട്; ഗെത്ത്ശെമന എന്ന തോട്ടമുണ്ട്; കെദ്രോൻ എന്ന തോടുണ്ട്. ഈ ഒലീവ്മലയിൽ വച്ചാണ് കർത്താവ് ആരോഹണം ചെയ്തത്. ശിഷ്യന്മാരെ യെരൂശലേമിൽ നിന്നും ഒലീവ്മലയിലേക്ക് കർത്താവ് വരുത്തുകയായിരുന്നു. എന്തിന്? കർത്താവിന് ആരോഹണം ചെയ്താൽ പോരേ? അത് എവിടെനിന്നു വേണമെങ്കിലും ആകാമല്ലോ. എന്തിന് ഒലീവ് മലയിൽനിന്നു തന്നെ വേണമെന്ന് ഇത്ര നിർബന്ധം? കാരണമുണ്ട്. എന്തെന്നാൽ, ഒലീവ് മലയിൽവച്ചാണ് കർത്താവിന്റെ 'പതനം' ആരംഭിച്ചത്. (കർത്താവിനെ അറസ്റ്റ് ചെയ്തത് കർത്താവിന്റെ പതനമായിട്ടാണല്ലോ ശത്രുക്കൾ മനസ്സിലാക്കുന്നത്)

നാട്ടിൽ കർത്താവ് എല്ലാവർക്കും ഒരു അനുഗ്രഹമായിരുന്നുവെങ്കിലും പരീശന്മാരും മഹാപുരോഹിതന്മാരും ഒരു ശല്യമായാണ് കർത്താവിനെ കണ്ടത്. പല തവണ അവർ കർത്താവിനായി വല വിരിച്ചുവെങ്കിലും അതൊന്നും ലക്ഷ്യം കണ്ടില്ല. ഒടുവിൽ, യൂദയുടെ സഹായത്താൽ, ജനക്കൂട്ടം ഒഴിഞ്ഞ നേരം നോക്കി, രാത്രിയിൽ, വളരെ തന്ത്രപരമായി, അവർ യേശുവിനെ അറസ്റ്റു ചെയ്തു - ഒലീവ് മലയിൽ നിന്ന്! അവർ ആഹ്ലാദിച്ചു.

അവരുടെ കാഴ്ചയിൽ, യേശു വീണു – ഒലീവ് മലയിൽ! പലപ്പോഴും ശ്രമിച്ചിട്ട് നടക്കാഞ്ഞത് നടന്നു – ഒലീവ് മലയിൽ!

എന്തിനും തയ്യാറാണെന്ന മട്ടിൽ അതുവരെ കൂടെയുണ്ടായിരുന്ന ശിഷ്യന്മാർ ചിതറിയോടി – ഒലീവ് മലയിൽ! പലരും രാജാവാക്കാൻ ശ്രമിച്ച യേശു എന്ന അദ്ധ്യായം അവസാനിച്ചു – ഒലീവ് മലയിൽ! ഇനി അവന് ഹോശന്നാ വിളിക്കാൻ ജനക്കൂട്ടമില്ല; രോഗസൗഖ്യത്തിനായി ആരും ഇനി അവന്റെ അടുത്തേക്ക് വരില്ല; ഇനി അവന്റെ പ്രഭാഷണം കേൾക്കാൻ ജനാവലിയുണ്ടാകില്ല. എല്ലാം അവസാനിച്ചു – ഒലീവ്മലയിൽ! പക്ഷേ ശത്രുക്കളുടെ കണക്കുകൂട്ടലുകളും മനക്കോട്ടകളും തകർത്തുകൊണ്ട് കർത്താവ് ഉയിർത്തെഴുന്നേൽക്കുകയും, ആ ഒലീവ് മലയിൽ നിന്നു തന്നെ ആരോഹണം ചെയ്യുകയും ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

ആത്മവിശ്വാസത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ആൾരൂപമായിരുന്ന, ഫ്രാൻസിന്റെ ചക്രവർത്തി നെപ്പോളിയൻ 1815 ജൂൺ 18–ാം തീയതി, ഇംഗ്ലണ്ടിന്റെയും പ്രഷ്യയുടെയും സംയുക്ത സൈന്യത്തിന്റെ മുമ്പിൽ പിടിക്കപ്പെട്ടത് വാട്ടർലൂ എന്ന സ്ഥലത്തു വച്ചായിരുന്നു. പിന്നീട് ഒരു തിരിച്ചുവരവ് നെപ്പോളിയന് ഉണ്ടായില്ല. അമേരിക്കൻ പ്രസിഡണ്ടായിരുന്ന എബ്രഹാം ലിങ്കൻ ഫോർഡ്സ് തിയറ്ററിൽ (Ford's Theatre) 1865 ൽ വെടിയേറ്റു മരിച്ചു. എബ്രഹാം ലിങ്കൻ എന്ന മഹാൻ അവിടെ അവസാനിച്ചു. 1948 ൽ മഹാത്മാഗാന്ധി വെടിയേറ്റു വീണു. പക്ഷേ, അംഹിസ എന്ന ആയുധം കൊണ്ട് ഹിംസയെ വിജയകരമായി നേരിട്ട ആ ധന്യാത്മാവിന് ഒരു തിരിച്ചുവരവ് തുടർന്നുണ്ടായില്ല. എന്നാൽ യേശു വ്യത്യസ്തനായിരുന്നു. ഒലീവ്മലയിൽ പിടിക്കപ്പെട്ടുവെങ്കിലും, തുടർന്ന് താൻ കാൽവറിയിൽ കൊല ചെയ്യപ്പെട്ടുവെങ്കിലും, മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും നാൽപതു ദിവസത്തിനുശേഷം അതേ ഒലിവ്മലയിൽനിന്നു തന്നെ ആരോഹണം ചെയ്യുകയും ചെയ്തു.

ഗിൽബോവാ പർവതത്തിൽ ശത്രുക്കളുടെ മുമ്പാകെ വീണ, യിസ്രായേലിന്റെ ആദ്യത്തെ രാജാവായ ശൗലിന് (2 ശമൂവേൽ 1–ാം അദ്ധ്യായം) പിന്നെ ഒരു രണ്ടാം വരവ് ഉണ്ടായില്ല. ഉണ്ടാകാൻ കഴിയില്ല. എന്നാൽ യേശുവിനു അതു സാധിച്ചു. ഏതു മലയിൽ വീണുവോ അവിടെനിന്നുതന്നെ ജയാളിയായി, അജയ്യനായി, അപരാജിതനായി, താൻ ആരോഹണം ചെയ്തു. ശിഷ്യന്മാർ "മഹാസന്തോഷത്തോടെ യെരൂശലേമിലേക്കു മടങ്ങിച്ചെന്നു" (ലൂക്കൊസ് 24:52) എന്നു നാം തുടർന്നു വായിക്കുന്നു. അവർക്കെങ്ങനെ മഹാസന്തോഷം ഇല്ലാതിരിക്കും? ഒലിവുമലയിൽ അവരുടെ അരുമനാഥൻ പരാജയപ്പെട്ടു എന്നു ആ സാധുക്കൾ സംശയിച്ചിരുന്നു; അതേ ഒലിവുമലയിൽ നിന്നു തന്നെ അവർ കാൺകെ കർത്താവ് ആരോഹണം ചെയ്തുവല്ലോ.

**(തുടരും)**

# പരിശുദ്ധാത്മാവ്

29

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**ഒന്നാം നൂറ്റാണ്ടിലെ അന്യഭാഷയും ഇന്നത്തെ അന്യഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ**

(7) ഒന്നാം നൂറ്റാണ്ടിൽ ഒരുത്തന് പല ഭാഷകൾ സംസാരിക്കാനുള്ള വരത്തെയാണ് ഭാഷാവരം എന്നു പറഞ്ഞിരുന്നത്; എന്നാൽ ഇന്നു അങ്ങനെയല്ല.

1 കൊരിന്ത്യർ 12:10 വായിക്കുക. ''വേറൊരുവന് പലവിധ ഭാഷകൾ'' എന്നാണ് നാം അവിടെ കാണുന്നത്. ഒരുവന് പലവിധ ഭാഷകൾ സംസാരിക്കാൻ കഴിയുന്നതാണ് ഭാഷാവരം. ഇന്നാണെങ്കിൽ മാതൃഭാഷയല്ലാതെ മറ്റൊരു ഭാഷപോലും സംസാരിക്കാനുള്ള കഴിവില്ലാത്തവർ, വെറുതെ കലപില ശബ്ദമുണ്ടാക്കി അതു അന്യഭാഷയാണെന്നു വാദിക്കുകയും ഇത്തരം കള്ളത്തരം കാണിക്കാത്തവരെ 'ആത്മാവില്ലാത്തവർ' എന്നു പറഞ്ഞു വിമർശിക്കുകയും ചെയ്യുന്നു!!

ഞങ്ങൾ കലപിലശബ്ദം ഉണ്ടാക്കുകയല്ലെന്നും അന്യഭാഷ (വേറെ നാട്ടുകാരുടെ ഭാഷ/ വേറെ ഭാഷ)യാണ് സംസാരിക്കുന്നതെന്നും ഇക്കൂട്ടർ വാദിക്കാറുണ്ട്. ഇവർ പറയുന്നത് ആരുടെയെങ്കിലും ഭാഷയാണെങ്കിൽ അത് അവർ തന്നെ തെളിയിക്കട്ടെ.

ചില പെന്തെക്കോസ്തുകാർ ഇങ്ങനെ ചോദിക്കാറുണ്ട്: ''ഞങ്ങൾ സംസാരിക്കുന്ന അന്യഭാഷ ഈ ലോകത്തിൽ എവിടെയെങ്കിലും ഉള്ളതായിരിക്കാം. എത്രയോ ഭാഷകൾ ഈ ലോകത്തിലുണ്ട്. ഈ ലോകത്തിലെ എത്രയോ കാട്ടുവാസികളുടെ ഭാഷ നമുക്കറിഞ്ഞുകൂടാ. ഇതിൽ ഏതെങ്കിലും ഒക്കെയായിരിക്കാം ഞങ്ങൾ സംസാരിക്കുന്നത്.'' വല്ലവിധേനയെങ്കിലുമുള്ള നിലനിൽപ്പിനുവേണ്ടി പറയുന്ന വാദമാണിത്. ഏതായാലും നാട്ടുഭാഷകൾ സംസാരിക്കാനുള്ള കഴിവാണ് ദൈവാത്മാവ് കൊടുത്തതായി വചനത്തിൽ കാണുന്നത്. പെന്തെക്കോസ്തിലെ അനുഭവം അതാണ്. പെന്തെക്കോസ്തിലെ അനുഭവം ഉണ്ടെന്നു പറഞ്ഞാണല്ലോ ഇവർ പെന്തെക്കോസ്തുകാർ എന്നറിയപ്പെടുന്നത്. കാട്ടുഭാഷ സംസാരിക്കാനുള്ള കഴിവല്ല പെന്തെക്കോസ്തനുഭവം – നാട്ടുഭാഷ (അംഗീകൃതഭാഷ) സംസാരിക്കാനുള്ള കഴിവാണ്.

വേറെ ചിലർ പറയുന്നത് ദൂതഭാഷയാണ് അവർ സംസാരിക്കുന്നത് എന്നാണ്. ഇതും പെന്തെക്കോസ്ത് അനുഭവമല്ല. പെന്തെക്കോസ്തിൽ സംസാരി

ച്ചത് ദൂതഭാഷയല്ല, മനുഷ്യന്റെ ഭാഷയാണ്. അവിടെ വന്നുകൂടിയവരുടെ ഭാഷയാണ് അന്ന് സംസാരിച്ചത്. കാട്ടുഭാഷയും ദൂതഭാഷയും സംസാരിക്കുന്നവർക്കുള്ളത് പെന്തെക്കോസ്ത് അനുഭവമല്ല. അതുകൊണ്ട് അവർ പെന്തെക്കോസ്തുകാർ എന്നറിയപ്പെടുന്നത് ഉചിതവുമല്ല.

**ദൂതഭാഷ!**

1 കൊരിന്ത്യർ 13:1 ൽ, ''ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെ ഭാഷകളിൽ സംസാരിച്ചാലും....'' എന്നു പൗലൊസ് എഴുതിയതാണ് ഇവർ ദൂതഭാഷയിൽ കയറിപ്പിടിക്കാൻ കാരണം. പെന്തെക്കോസ്തുകാർ പറയുന്നത് ദൂതഭാഷയാണെങ്കിൽ, അന്യഭാഷയെ മനുഷ്യഭാഷ എന്നും ദൂതഭാഷ എന്നും രണ്ടായി തിരിക്കേണ്ടിവരും. പെന്തെക്കോസ്തുകാർ സംസാരിക്കുന്നത് ഇതിൽ ഏതു ഭാഷയാണ്? എന്തുകൊണ്ടാണ് മനുഷ്യരുടെ ഭാഷ സംസാരിക്കാൻ അവർക്കു കഴിയാത്തത്?

പൗലൊസ് ദൂതഭാഷ സംസാരിച്ചു എന്നു 1 കൊരി.13:1 ൽ നിന്നും ചിന്തിക്കാവുന്നതല്ല. കാരണം, 13:2 ൽ, ''സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും...'' എന്നു കാണുന്നതിനാൽ, പൗലൊസ് എല്ലാ മർമ്മങ്ങളും ജ്ഞാനവും ഗ്രഹിച്ചിട്ടിണ്ട് എന്ന് അർത്ഥം വരികയില്ല. 13:3 ൽ, ''എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും...'' എന്നു കാണുന്നു. അതിനർത്ഥം പൗലൊസ് തനിക്കുള്ളതെല്ലാം അന്നദാനം ചെയ്തു എന്നല്ലല്ലോ. അതേ വാക്യത്തിൽ, ''എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും...'' എന്നും കാണുന്നു. അതിനർത്ഥം പൗലൊസിന്റെ ശരീരം ചുടുവാൻ എല്പിച്ചു എന്നല്ല. ഇതുപോലെ, ''ദൂതന്മാരുടെ ഭാഷകളിൽ സംസാരിച്ചാലും....'' എന്നു പറഞ്ഞാൽ, പൗലൊസ് ദൂതന്മാരുടെ ഭാഷകൾ സംസാരിച്ചു എന്നല്ല അർത്ഥം.

സ്നേഹം എന്ന വിഷയത്തെക്കുറിച്ചു പറയുന്ന സന്ദർഭത്തിൽ, സ്നേഹമാണ് ഏറ്റവും വലിയത് എന്നു കാണിക്കാനായി പൗലൊസ് ചില കാര്യങ്ങൾ മാക്സിമം (അങ്ങേയറ്റം) ആയി അവതരിപ്പിക്കുകയാണ്. എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാൽ പോലും, സ്നേഹമില്ലെങ്കിൽ അതു പ്രയോജനമില്ലാത്തതാകും എന്നാണ് അദ്ദേഹം ഇവിടെ ഉദ്ദേശിച്ചത്. അപ്പോൾ ദൂതഭാഷ സംസാരിച്ചു എന്നല്ല, ദൂതഭാഷ സംസാരിച്ചാൽ പോലും സ്നേഹമില്ലെങ്കിൽ അതു നിഷ്പ്രയോജനമാണ് എന്നാണ് ഇവിടെയുള്ള ആശയം.

**പെന്തെക്കോസ്തു അനുഭവം!**

പെന്തെക്കോസ്ത് എന്നത് ഒരു നാളാണ്. ഇതാണ് സഭയുടെ പേരായി ഇക്കൂട്ടർ കൊണ്ടുനടക്കുന്നത്. ഞങ്ങൾ പെന്തെക്കോസ്തുകാരാണ് എന്ന് വലിയ ആത്മികനിഗളത്തോടെ ഇവർ പറയുന്നത് കേട്ടാൽ തോന്നും, ഇതിനേക്കാൾ വലിയത് മറ്റൊന്നുമില്ലെന്ന്! പെന്തെക്കോസ്തുകാരേ, പെന്തെക്കോസ്ത് എന്നത് ഒരു 50-ാം ദിവസം ആയിരിക്കെ, ഈ ദിവസം എങ്ങനെ

നിങ്ങളുടെ സഭയുടെ പേരായി? പെന്തെക്കോസ്തിലെ അനുഭവം ഉള്ളതു കൊണ്ടാണത്രേ പെന്തെക്കോസ്തുകാർ എന്നറിയപ്പെടുന്നത്. പെന്തെക്കോസ്തിലെ എന്തു അനുഭവമാണ് നിങ്ങൾക്കുള്ളത്?

അപ്പൊ.പ്രവൃ.2:1–4 വരെ പറഞ്ഞിരിക്കുന്നതാണല്ലോ പെന്തെക്കോസ്തിലെ അനുഭവം. അവിടെ പറഞ്ഞിരിക്കുന്ന ഏത് അനുഭവമാണ് നിങ്ങൾക്കുള്ളത്? കൊടിയ കാറ്റ്, മുഴക്കം, അഗ്നിജ്വാല, അന്യഭാഷ ഇതൊക്കെയാണ് അവിടെ കാണുന്നത്. ഇതിൽ ഏതാണ് നിങ്ങൾക്കുള്ളത്? അന്യഭാഷ എന്നു നിങ്ങൾ പറയുമായിരിക്കും. പക്ഷേ അവിടെ കൂടിവന്നവരുടെ ഭാഷയാണ് അവർ സംസാരിച്ചത് (2:8–12). നിങ്ങൾക്കാണെങ്കിൽ അങ്ങനെയുള്ള അന്യഭാഷ ലഭിച്ചിട്ടുമില്ല. അങ്ങനെ പെന്തെക്കോസ്തിലെ യാതൊരു അനുഭവവും ഇല്ലാത്ത നിങ്ങൾ, പെന്തെക്കോസ്തിലെ അനുഭവം ഞങ്ങൾക്കുണ്ടെന്നും പറഞ്ഞ് പെന്തോക്കോസ്തുകാർ എന്നറിയപ്പെടുന്നത് വിചിത്രമായിരിക്കുന്നു!

ഇനി മറ്റൊന്നു ചോദിക്കട്ടെ. പെന്തെക്കോസ്തിലെ അനുഭവം നിങ്ങൾക്കുണ്ടെന്നു വന്നാൽ തന്നെയും, പെന്തെക്കോസ്തുകാർ എന്നറിയപ്പെടുന്നത് എങ്ങനെ ശരിയാകും? പുഴവക്കത്തിരുന്ന ലുദിയായ്ക്കുണ്ടായ അനുഭവം (സുവിശേഷം കേട്ടത്) ഉള്ളവരെല്ലാം പുഴവക്കുകാർ എന്നറിയപ്പെടുമോ? കാരാഗൃഹത്തിലിരുന്ന പൗലൊസിനും ശീലാസിനും ഉണ്ടായ അനുഭവം (ദൈവത്തെ പാടിസ്തുതിച്ചത്) ഉള്ളവരെല്ലാം കാരാഗൃഹക്കാർ എന്നറിയപ്പെടുമോ?

ചുരുക്കിപ്പറഞ്ഞാൽ, ഒന്നാമത് നിങ്ങൾക്ക് പെന്തെക്കോസ്തിലെ അനുഭവം ഇല്ല; രണ്ടാമത്, പെന്തെക്കോസ്തിലെ അനുഭവം ഉണ്ടെന്നു വന്നാൽ പോലും പെന്തെക്കോസ്തുകാർ എന്നറിയപ്പെടുന്നത് ഉചിതവുമല്ല.

നിങ്ങൾ പറയുന്ന അന്യഭാഷയാണെങ്കിൽ ആർക്കും തിരിച്ചറിഞ്ഞുകൂടാ. ആരും തിരിച്ചറിയുന്നില്ലല്ലോ എന്നു 1 കൊരി. 14:2 ൽ കാണുന്നുണ്ടെന്നത് ശരി തന്നെ. പക്ഷേ പെന്തെക്കോസ്തിൽ പറഞ്ഞ അന്യഭാഷ ആളുകൾ തിരിച്ചറിഞ്ഞുവെന്ന കാര്യം മറക്കരുത്. നിങ്ങൾക്ക് പെന്തെക്കോസ്തിലെ അനുഭവം ഉണ്ടെന്നു പറയുന്നുവെങ്കിൽ, നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന ഭാഷ സംസാരിക്കണം.

അല്ലെങ്കിൽ അതു കൊരിന്ത്യരുടെ അനുഭവമാണെന്നു വരും. അവർ പറഞ്ഞ അന്യഭാഷയാണ്, ആരും തിരിച്ചറിയുന്നില്ലല്ലോ എന്നെഴുതിയിരിക്കുന്നത്. അപ്പോൾ നിങ്ങൾക്കുള്ളത് കൊരിന്തിലെ അനുഭവമാണ്. എങ്കിൽ നിങ്ങൾ പെന്തെക്കോസ്തുകാർ എന്നല്ല, കൊരിന്തുകാർ എന്നാണ് അറിയപ്പെടേണ്ടത് എന്നു മഹാകവി കെ. വി. സൈമൺ തന്റെ *മറുഭാഷാനികഷം* എന്ന പുസ്തകത്തിൽ എഴുതിയത് എത്രയോ ശരിയാണ്?

**(തുടരും)**

# യോവേൽ

## (പുസ്തകപഠനം)

18

### എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:30**

**"ഞാൻ ആകാശത്തിലും ഭൂമിയിലും അത്ഭുതങ്ങളെ കാണിക്കും; രക്തവും തീയും പുകത്തൂണും തന്നേ."**

രക്തം = ചുവന്നമഴ പോലുള്ള പ്രതിഭാസങ്ങളാകാം

തീ = അഗ്നിപർവ്വതങ്ങളിൽനിന്നും പുറത്തേക്ക് തീ വരുന്നതാകാം മിന്നലുകളാകാം

പൂകത്തൂൺ = പുകയുന്ന അഗ്നിപർവ്വതങ്ങളാകാം, ചുഴലിക്കാറ്റുകളാകാം

ആകാശത്തിലും ഭൂമിയിലും കാണിക്കുന്ന അത്ഭുതങ്ങളിൽ ഭൂകമ്പം, സുനാമി, ഗ്രഹണങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നുണ്ടാകണം.

**യോവേൽ 2:31**

**"യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരുംമുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും"**

ഈ ലോകത്തെ ന്യായം വിധിക്കുന്ന ഒരു ദിവസം വരുന്നു. അതിനുമുമ്പ് മാനസാന്തരപ്പെടേണ്ടവർ മാനസാന്തരപ്പെടണം. ഈ പ്രപഞ്ചത്തിൽ ഇടയ്ക്കു നടക്കുന്ന പ്രകൃതിക്ഷോഭങ്ങളും മറ്റും നമുക്കു മാനസാന്തരത്തിന്റെ സന്ദേശം നൽകുന്നുണ്ട്. ഇടിയും മിന്നലും അഗ്നിപർവ്വതസ്ഫോടനങ്ങളും സുനാമിയും ഭൂകമ്പവുമെല്ലാം മാനസാന്തരപ്പെടാനുള്ള സന്ദേശം വഹിക്കുന്നവയാണ്. ജനം, വിശ്വാസികളായാലും അവിശ്വാസികളായാലും, അതു മനസ്സിലാക്കി മാനസാന്തരപ്പെടേണം എന്നതാണ് ദൈവഹിതം. സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറുന്ന ഒരു ദിവസം വരുന്നു. സൂര്യൻ പ്രകാശം കൊടുക്കാത്ത അവസ്ഥയിലെത്തും. ഇരുളായിത്തീരും. ചന്ദ്രൻ രക്തമായി മാറുമത്രേ! സൂര്യനിൽനിന്നുള്ള പ്രകാശമാണത്രേ ചന്ദ്രനിലുള്ളത്. സൂര്യൻ ഇരുളായിത്തീർന്നാൽ പിന്നെ ചന്ദ്രനും നിഷ്പ്രയോജനമാകും.

**യോവേൽ 2:32**

**"എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും; യഹോവ അരുളിച്ചെയ്തതുപോലെ സീയോൻപർവ്വതത്തിലും യെരൂശലേമിലും ഒരു രക്ഷിതഗണവും ശേഷിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ യഹോവ വിളിപ്പാനുള്ളവരും ഉണ്ടാകും"**

**യഹോവയെ വിളിച്ചപേക്ഷിക്കുക**

യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ആ വലുതും ഭയങ്കരവുമായ ദിവസത്തിൽനിന്നും രക്ഷിക്കപ്പെടും. നമ്മുടെ പ്രശ്നങ്ങളിൽനിന്നും നമുക്കു രക്ഷിക്കപ്പെടാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഇതു മാത്രമാണ്. ദൈവത്തെ വിളിച്ചപേക്ഷിക്കുക. നമ്മുടെ പ്രശ്നങ്ങൾ നാം പരിശോധിക്കുക. നമുക്കു ചെയ്യാൻ കഴിയുന്നവ നാം ചെയ്യുക. ദൈവത്തിൽ ആശ്രയിക്കുക. ബാക്കിയെല്ലാം ദൈവം ചെയ്തുകൊള്ളും.

ഉദാഹരണമായി, സാമ്പത്തികമായ നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനായി നാം കഠിനാദ്ധ്വാനത്തിനു തയ്യാറാവുക, ധൂർത്ത് ഒഴിവാക്കുക, തികഞ്ഞ സാമ്പത്തിക അച്ചടക്കം പാലിക്കുക. ബാക്കിയെല്ലാം ദൈവം നോക്കിക്കൊള്ളട്ടെ. സുവിശേഷഘോഷണം നാം നടത്തുക. ആത്മാക്കളെ ദൈവം തരുമാറാകട്ടെ. നാം ദൈവത്തിൽ ആശ്രയിച്ച് നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റിയാൽ മതി.

**ഒരു രക്ഷിതഗണം ഉണ്ടാകും**

എക്കാലത്തും ദൈവം തനിക്ക് ഒരു ശേഷിപ്പിനെ സൂക്ഷിക്കാറുണ്ട്. യെഹെസ്കേലിനോട് അവന്റെ താടിയും തലയും ക്ഷൗരം ചെയ്തതിനുശേഷം ആ രോമത്തിന്റെ മൂന്നിലൊന്ന് എടുത്ത് കാറ്റത്ത് ചിതറിച്ച്, അതിൽ കുറച്ച് ശേഖരിക്കാൻ ദൈവം അരുളിച്ചെയ്തു (യെഹെസ്കേൽ 5:1-3). രക്ഷിതഗണത്തെ കാണിക്കാനാണ് അങ്ങനെ ചെയ്യാൻ പറഞ്ഞത്. ഞാൻ ഒരു ശേഷിപ്പിനെ വെച്ചേക്കും എന്നു ദൈവം യെഹെസ്കേൽ 6:8 ൽ പറയുന്നുമുണ്ട്.

നോക്കുക. രക്ഷിതഗണത്തെ കാണിക്കാൻ എടുത്ത ഉദാഹരണം! മനുഷ്യൻ വെറും ഒരു മുടി (രോമം)ക്ക് തുല്യം മാത്രം! ആ രോമം കാറ്റത്ത് ചിതറിച്ചാൽ എങ്ങനെയോ അതുപോലെയാണ് നാം. ദൈവം കരുണ തോന്നി, അതിൽ ചിലത് ശേഖരിക്കുന്നു. അതാണ് രക്ഷിതഗണം!! ഈ തലമുറയിലെ രക്ഷിതഗണമാണ് നാം. നശിച്ചുപോകുന്ന തലമുറയിൽ നിന്നും ദൈവം വേർതിരിച്ച കൂട്ടം!

**(തുടരും)**

# കൊച്ചുണ്ണിയുടെ ബൈബിൾവായന

എംവിഎസ്

16

## ശത്രുവിനെ സ്നേഹിച്ചാൽ...!

കൊച്ചുണ്ണിസഹോദരൻ വേഗത്തിൽ വരുന്നത് കണ്ട ഇട്ടിയപ്പച്ചൻ പറഞ്ഞു: "മൂപ്പാ, നമ്മടെ ദൈവദാസൻ വരുന്നുണ്ട്. ബൈബിൾ വായിച്ചിട്ട് ദഹിക്കാത്ത എന്തോ ഉണ്ട്. അതാ ഇങ്ങനെ വേഗത്തിൽ വരുന്നത്. പാവം!"

മൂപ്പൻ ഒന്നു മൂളുക മാത്രം ചെയ്തു. ബൈബിളുമായി വേഗത്തിൽ നടന്നുവരുന്ന കൊച്ചുണ്ണിസഹോദരനെ ഇമവെട്ടാതെ മൂപ്പൻ നോക്കിയിരുന്നു.

"ആഹാ, രണ്ടുപേരും ഉണ്ടല്ലോ..." ബ്രദർ കൊച്ചുണ്ണിക്ക് രണ്ടുപേരെയും കണ്ടപ്പോൾ സന്തോഷമായി.

"ഇന്നത്തെ നെന്റെ പ്രശ്നം എന്താണ് കൊച്ചുണ്ണ്യേ?" ഇട്ടിയപ്പച്ചൻ നേരിട്ട് വിഷയത്തിലേക്ക് കടന്നു.

"ബൈബിളിൽ എഴുതിവച്ചത് നോക്കുമ്പോ, നമുക്ക് പിശാചിനെ സ്നേഹിക്കേണ്ടി വരും"

കൊച്ചുണ്ണി ഇതു പറഞ്ഞതു കേട്ടപ്പോൾ, എളിയിൽ കുത്ത് കിട്ടിയ ആളുടെ പോലെ ഇട്ടിയപ്പച്ചൻ വാ തുറന്നുപോയി.

"പിശാചിനെ സ്നേഹിക്കേ... എന്താ കൊച്ചുണ്ണ്യേ നീ പറേണത്? ഷോക്കിൽനിന്നും ഒരുവിധം മുക്തനായി ഇട്ടിയപ്പച്ചൻ ചോദിച്ചു.

"അതെ, ശത്രുവിനെ സ്നേഹിക്കാൻ കർത്താവ് പറഞ്ഞു. മത്തായി 5:44 ൽ അതുണ്ട്. പിശാച് ശത്രുവാണ് എന്നും ബൈബിൾ പറയുന്നു. അപ്പൊ പിന്നെ പിശാചിനെ സ്നേഹി ക്കേണം, ശരിയല്ലേ?"

ബ്രദർ കൊച്ചുണ്ണിയുടെ വിശദീകരണം കേട്ട് ഇട്ടിയപ്പച്ചൻ "ഇതു നല്ല കൂത്ത്" എന്നും പറഞ്ഞ് ചിറികോട്ടി ഇരുന്നു.

"മറുപടി പറയ് ഇട്ടിയപ്പച്ചാ," കൊച്ചുണ്ണിയുടെ സ്വരത്തിൽ അല്പം വെല്ലുവിളി കലർന്നിരുന്നു.

നിസ്സഹായനായിപ്പോയ ഇട്ടിയപ്പച്ചൻ മൂപ്പനെ നോക്കി.

"കൊച്ചുണ്ണിസഹോദരാ..." മൂപ്പൻ വിളിച്ചു.

"ആ പറഞ്ഞോളൂ..." കൊച്ചുണ്ണി കാതു കൂർപ്പിച്ചുനിന്നു.

"ശത്രുവിനെ സ്നേഹിക്കാൻ കർത്താവ് പറഞ്ഞു എന്നത് നേര് തന്നെ. പക്ഷേ എങ്ങനെയുള്ള ശത്രുവിനെയാണ് സ്നേഹിക്കേണ്ടതെന്നും എങ്ങനെയാണ് സ്നേഹിക്കേണ്ടതെന്നും കൂടി ബൈബിളിൽ

നമുക്കു കാണാൻ കഴിയും. അതു കൂടി നാം നോക്കണം.”

“എങ്ങനെയുള്ള ശത്രുവിനെയാണ് സ്നേഹിക്കേണ്ടത്?” ഇട്ടിയപ്പച്ചന് കേൾക്കാൻ കൗതുകം.

“നിന്റെ ശത്രുവിന് വിശക്കുന്നു എങ്കിൽ അവനു തിന്മാൻ കൊടുക്ക എന്നാണ് റോമർ 12:20 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ വിശപ്പ് ഉള്ള ശത്രുവിന്റെ കാര്യമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. മനുഷ്യർക്കാണ് വിശപ്പുള്ളത്, പിശാചിനല്ല.”

“മത്തായി 5:44 ൽ ശത്രുക്കളെ സ്നേഹിക്കണം എന്നു പറഞ്ഞിട്ടുള്ളിടത്തും, മനുഷ്യരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത് എന്നു വ്യക്തമാണ്. സംശയമുണ്ടെങ്കിൽ ആ ഭാഗം 44 മുതൽ 48 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ മനസ്സിലാക്കാം. എല്ലാം മനുഷ്യരെക്കുറിച്ചു മാത്രമാണ് പറഞ്ഞിരിക്കുന്നത്.”

ബ്രദർ കൊച്ചുണ്ണിക്ക് മൂപ്പൻ പറയുന്നതൊന്നും അത്ര ഇഷ്ടപ്പെടുന്നതായി കാണപ്പെട്ടില്ല. എങ്കിലും അതു വക വയ്ക്കാതെ മൂപ്പൻ തുടർന്നു:

“പഴയനിയമം പരിശോധിച്ചാലും ഇതു വ്യക്തമാകും. ഉദാഹരണമായി, പുറപ്പാട് 23:4,5 നോക്കുക. ശത്രുവിന്റെ കാളയോ കഴുതയോ അപകടത്തിൽപ്പെട്ടാൽ അതിനെ രക്ഷിക്കേണം എന്ന ആശയം അവിടെയുണ്ട്. അപ്പോൾ ശത്രു മനുഷ്യനാണ് എന്നു മനസ്സിലായില്ലേ?”

“ഊം...” ഇട്ടിയപ്പച്ചൻ തലയാട്ടുകയും മൂളുകയും ചെയ്തു. എന്നിട്ട് ഇട്ടിയപ്പച്ചൻ ഇപ്രകാരം പറഞ്ഞു:

“അപ്പൊ, മനുഷ്യരായ ശത്രുക്കളെ സ്നേഹിക്കാനാണ് ബൈബിൾ പറയുന്നത്, അല്ലേ മൂപ്പാ?”

“അതെ, അല്ലാതെ പിശാചിനെ സ്നേഹിക്കാനല്ല.”

മൂപ്പൻ തുടർന്നു: “എങ്ങനെയാണ് ശത്രുവിനെ സ്നേഹിക്കേണ്ടത് എന്നും ബൈബിൾ പറയുന്നുണ്ട്.”

“ഒന്ന്: അവനു വിശക്കുന്നു എങ്കിൽ തിന്നുവാൻ കൊടുക്കുക.”

“രണ്ട്: അവന്റെ മൃഗങ്ങളോ മറ്റോ അപകടത്തിൽ പെട്ടാൽ സഹായിക്കുക.”

“മൂന്ന്: അവനു വേണ്ടി പ്രാർത്ഥിക്കുക. (മത്തായി 5:44)”

“നാല്: കഴിയാവുന്നിടത്തോളം അവരോട് സമാധാനമായി ഇരിക്കണം (റോമർ 12;18).”

“ഇങ്ങനെയൊക്കെയാണ് അവരെ സ്നേഹിക്കേണ്ടത്. അതല്ലാതെ, സഭായോഗം മുടക്കി അവരുടെ മക്കളുടെ കല്യാണത്തിനു പോയിട്ടും, കാശ് വല്ലവന്റെയും കയ്യിൽനിന്നും കടം വാങ്ങി അവനെ സഹായിച്ചും അല്ല.”

ഇട്ടിയപ്പച്ചന്റെ മുഖത്ത് പ്രകാശം നിറഞ്ഞു. ഒരു ഏമ്പക്കം വിട്ടുകൊണ്ട് ഇട്ടിയപ്പച്ചൻ ഇങ്ങനെ പറഞ്ഞു:

“എനിക്ക് കാര്യം മനസ്സിലായി. കൊച്ചുണ്ണിക്കോ?”

കൊച്ചുണ്ണി പ്രതികരിച്ചില്ല. ❍

## വെജിറ്റേറിയൻ ഫുഡും ശാന്തതയും!

വെജിറ്റേറിയൻ ഫുഡ് കഴിക്കുന്നവർ ശാന്തന്മാരും സൗമ്യന്മാരും ആണെന്നും, മാംസം ഭക്ഷിക്കുന്നവർ ക്രൂരന്മാരും ആക്രമണവാസനയുള്ളവരാണെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. മനഃശാസ്ത്രജ്ഞന്മാരും അഹിംസാവാദികളും ഇതിനെ പിന്താങ്ങി സംസാരിക്കാറും എഴുതാറുമുണ്ട്. പക്ഷേ ഈ സിദ്ധാന്തം തെറ്റാണെന്നു എത്രയോ തവണ കാലം തെളിയിച്ചിരിക്കുന്നു!

വെജിറ്റേറിയൻ ഫുഡ് (സസ്യാഹാരം) മാത്രം കഴിക്കുന്ന ബ്രാഹ്മണന്മാർ കഴിഞ്ഞ കാലങ്ങളിൽ നടത്തിയിട്ടുള്ള നരവേട്ടയും ലൈംഗികാതിക്രമവും ഇന്നും ചരിത്രത്തിന്റെ താളുകളിൽ മായാതെ മുദ്രണം ചെയ്യപ്പെട്ടു കിടക്കുന്നുണ്ട്. ബീഫ് കഴിക്കുന്ന ആളുകളെ വേട്ടയാടിയ ചരിത്രം പരിശോധിച്ചാലും മാംസാഹാരം കഴിക്കുന്നവരല്ല വില്ലന്മാരായിട്ടുള്ളത്; സസ്യാഹാരം കഴിക്കുന്നവർ തന്നെയാണ്.

ഇതിൽനിന്നും വ്യക്തമാകുന്നത്, മാംസാഹാരമോ സസ്യാഹാരമോ അല്ല മനുഷ്യനെ ക്രൂരനാക്കുന്നത് എന്നല്ലേ? യേശുക്രിസ്തു മാംസാഹാരം കഴിക്കുന്നവനായിരുന്നു എന്നു ബൈബിൾ വെളിപ്പെടുത്തുന്നു. നാം കഴിക്കുന്ന ഭക്ഷണം നമ്മെ അശുദ്ധമാക്കുന്നില്ല എന്നു യേശു പറയുകയും ചെയ്തു (മത്തായി 15:10–17). ഭക്ഷണമല്ല നമ്മുടെ സ്വഭാവത്തെ രൂപീകരിക്കുന്നത്, ചിന്തകളാണ്. നാം എന്ത് ഹൃദയത്തിൽ നിറയ്ക്കുന്നുവോ അതിനനുസരിച്ച് നമ്മുടെ സ്വഭാവത്തിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കും.

ഹാബേലിന്റെയും കയീന്റെയും കാര്യം നോക്കിയാലും ഇതു ശരിയാണെന്നു കാണാം. കയീനായിരുന്നു കൃഷിക്കാരൻ. ആടിനെ കൊന്നു യാഗം കഴിച്ചത് ഹാബേലായിരുന്നു. പക്ഷേ ക്രൂരനായിത്തീർന്നത് കൃഷിക്കാരനായ കയീനായിരുന്നു. ഇവിടെ അവരുടെ തൊഴിലോ ഭക്ഷണമോ അല്ല നിർണ്ണായക ഘടകമായിത്തീർന്നത്, പിന്നെയോ കയീൻ തന്റെ അനുജനായ ഹാബേലിനെതിരെ ഹൃദയത്തിൽ ചിന്തകൾ നിറച്ചു. അതിന്റെ അനന്തരഫലമായി അവൻ ഹാബേലിനെ കൊന്നു.

വെജിറ്റേറിയൻ ഫുഡ് മാത്രമേ കഴിക്കൂ എന്നു ചിലർ ഭക്തി മൂത്ത് തീരുമാനമെടുത്തിട്ടുണ്ട്. ഏതു ഭക്ഷണം കഴിക്കണമെന്നു നിങ്ങൾക്ക് തീരുമാനിക്കാം. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ സിദ്ധാന്തങ്ങൾ ഉണ്ടാക്കരുത്.

*ഭക്ഷണമല്ല മനുഷ്യനെ ചീത്തയാക്കുന്നത്, ഹൃദയത്തിൽ നിറയ്ക്കുന്ന ചിന്തകളാണ്*

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 56

**എം.വി.എസ്.**

## ✦ സൈബർആങ്ങളമാർക്കെതിരെ ഇമ്മിണി ബല്യ പത്രംആങ്ങള!

പതിനെട്ടുവയസ്സുള്ള ഒരു പെൺകുട്ടിക്ക് പിറന്നാൾ സമ്മാനമായി അവളുടെ ചേച്ചി ഡ്രസ്സ് എടുത്ത് കൊടുത്തു. ഒരു ചെറിയ ട്രൗസറും, ഷർട്ടിനു പകരം ബനിയനോ കമ്മീസോ പോലുള്ള എന്തോ ഒന്നും.... ആ പെൺകുട്ടി അതും ധരിച്ച് ഫോട്ടോ എടുത്ത് സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചു. സ്ത്രീശരീരത്തിനു എന്നും നല്ല ഡിമാന്റുള്ള സമൂഹം അത് നല്ല ആർത്തിയോടെ കണ്ടു. കുട്ടിയെ അഭിനന്ദിച്ചു. ഇറക്കം കുറഞ്ഞ നിക്കറിട്ടുള്ള ആ നിൽപ്പ് അങ്ങനെ മൊത്തത്തിൽ അമ്മപെങ്ങമ്മാരും, അമ്മപെങ്ങമ്മാരുള്ള യുവാക്കളും, പെൺമക്കളുള്ള അച്ഛന്മാരും ഒക്കെ കണ്ടുബോധിച്ചു.

അപ്പോഴാണ് ചില 'സൈബർആങ്ങള'മാരുടെ രംഗപ്രവേശം ഉണ്ടായത്. അവർ ആ കുട്ടിയെ ഗുണദോഷിച്ചു. ചിലർ വിമർശിച്ചു. ചിലർ കളിയാക്കുകയും ചെയ്തു. മാന്യമായി വസ്ത്രം ധരിച്ചു നിന്നുകൂടെ മോളേ എന്നതായിരുന്നു എല്ലാറ്റിന്റെയും സാരം. ഞങ്ങൾക്കും കാലുകളുണ്ടെന്നും ഇങ്ങനെ മേലറ്റം മുതൽ കീഴറ്റം വരെ കാലും കാണിച്ചു നിൽക്കേണ്ടതില്ലെന്നും അവർ അഭിപ്രായപ്പെട്ടു. സ്വന്തം പെങ്ങൾ ഇങ്ങനെ നിന്നാൽ സഹിക്കാത്ത ആങ്ങളയും, സ്വന്തം മകൾ ഇങ്ങനെ നിന്നാൽ സഹിക്കാത്ത അച്ഛനും ഒക്കെയായിരുന്നു ആ 'സൈബർആങ്ങളമാർ.'

പോരേ, പുകില്.... ഒരു പതിനെട്ടുകാരിക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാനും അതിന്റെ ഫോട്ടോ എടുത്ത് മറ്റുള്ളവരുമായി പങ്കുവയ്ക്കാനും അവകാശമുണ്ടെന്നു പറഞ്ഞ് മറ്റു ചില 'ആങ്ങളമാർ' രംഗത്തെത്തി. ഒപ്പം കുറെ ചേച്ചിമാരും! മാത്രമല്ല, ആ പെൺകുട്ടിയുടെ സ്വന്തം അച്ഛൻ തന്നെ ആ കുട്ടിയെ ആശ്വസിപ്പിച്ചു. അച്ഛനില്ലാത്ത വിഷമം മറ്റൊരുത്തനും വേണ്ട എന്നു കല്പിക്കുകയും ചെയ്തു. എത്രയോ മാതൃകാപുരുഷനായ അച്ഛൻ! ഇത്തരം അച്ഛനെ കിട്ടാൻ പെൺമക്കൾ തപസ്സിരിക്കണം.

അപ്പോഴേക്കും ഒരു ഭീമൻ പത്രആങ്ങള രംഗത്തെത്തി. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആളുകൾ വായിക്കുന്നു എന്ന് അവകാശപ്പെടുന്ന പത്രആങ്ങളയാണ് പെൺകുട്ടിക്ക് താങ്ങും തണലുമായി രംഗപ്രവേശം ചെയ്തത്. 27-09-2020 ൽ ആ പത്രആങ്ങള പകുതി പേജ് ആ പെൺകുട്ടിക്ക് വേണ്ടി

മാറ്റിവച്ചു. ഇത്രയും പ്രചാരമുള്ള പത്രത്തിന്റെ ഒരു പേജിന്റെ പകുതി വേർതിരിച്ച് കൊടുക്കുവാൻ മാത്രം അടിയന്തരപ്രാധാന്യമുള്ള വിഷയമായിരുന്നു അത്.

ആ അരപ്പേജിൽ ആ പത്രആങ്ങള ആ കുഞ്ഞനിയത്തിയുടെ കുഞ്ഞുനിക്കറിട്ടുനിൽക്കുന്ന ഫോട്ടോ വൃത്തിയായി പ്രസിദ്ധീകരിച്ചു. വാട്സാപ്പിലും ഫെയ്സ്ബുക്കിലും ആ കുഞ്ഞിപ്പെങ്ങളുടെ ഫോട്ടോ കാണാൻ ഭാഗ്യമില്ലാതെയായിപ്പോയ എന്നെപ്പോലുള്ള ആളുകൾക്ക് അങ്ങനെ അതിനുള്ള അവസരവും ലഭിച്ചു. അതിനുശേഷം അവളെ ഗുണദോഷിക്കുകയും ശകാരിക്കുകയും ഒക്കെ ചെയ്ത സൈബർആങ്ങളമാരെ ഈ പത്രആങ്ങള രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. തുടർന്ന്, ആ പെൺകുട്ടിയെ പിന്താങ്ങിക്കൊണ്ട് കുറെപ്പേരുടെ അഭിപ്രായങ്ങൾ കൊടുക്കുകയും ചെയ്തു.

പെൺകുട്ടികൾ മാന്യമായി വസ്ത്രധാരണം ചെയ്യണം എന്ന ഉപദേശം ഈ പത്രആങ്ങളയ്ക്ക് അല്പം പോലും സഹിച്ചില്ല. കാരണം അങ്ങനെ പെൺകുട്ടികൾ മാന്യമായി വസ്ത്രധാരണം ചെയ്തു നടക്കാൻ തുടങ്ങിയാൽ, പത്രത്തിനു കൂടെക്കൂടെ ലഭിക്കുന്ന പീഡനവാർത്തകളും, ഒളിക്യാമറാവിവാദങ്ങളും, പിന്നെ കണ്ണിനു കുളിർമ്മയേകുന്ന ഇത്തരം കുഞ്ഞനിയത്തിമാരുടെ കുഞ്ഞുനിക്കറിട്ട ഫോട്ടോകളും ലഭിക്കാതെ പോകുമോ എന്നു ആ പത്രഭീമൻ ഭയപ്പെട്ടു കാണുമായിരിക്കും!

കുഞ്ഞനിയത്തിമാരേ, ഈ 'മാസികാആങ്ങള'യ്ക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്. പണ്ട് കോണകമുടുത്തും മാറ് മറയ്ക്കാതെയും നടന്നിരുന്ന ഒരു തലമുറ ഇവിടുണ്ടായിരുന്നു. സാമൂഹിക നവോത്ഥാനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ബോധവത്കരണത്തിലൂടെയും അതെല്ലാം മാറ്റിയെടുത്തു. മാറ് മറയ്ക്കാൻ ഇവിടെ സ്ത്രീകൾ സമരം വരെ ചെയ്തു. അങ്ങനെ മാന്യമായി വസ്ത്രം ധരിക്കാൻ ആളുകൾ തുടങ്ങി. പട്ടിണിയും സാമ്പത്തികബുദ്ധിമുട്ടും മൂലം ശരിയായി വസ്ത്രം ധരിക്കാൻ കഴിയാതെ പോയവരും ഉണ്ട്. അവരും മാന്യമായി വസ്ത്രധാരണം നടത്താൻ ആഗ്രഹിച്ചു.

കാലം മുന്നോട്ടു നീങ്ങിയപ്പോൾ വീണ്ടും ആ പഴയ വസ്ത്രസങ്കല്പം തലയുയർത്തി വരുന്നതിന്റെ പിന്നിലെ ലക്ഷ്യം നാം സംശയിക്കേണ്ടിയിരിക്കുന്നു. സിനിമയിൽ പാട്ടുരംഗം എത്തുമ്പോൾ നായകൻ മാന്യമായി വസ്ത്രം ധരിച്ചും നായിക അല്പവേഷധാരിയായും പ്രത്യക്ഷപ്പെടുന്നതിന്റെ പിന്നിലെ കച്ചവടരഹസ്യം, പെൺകുട്ടികളേ നിങ്ങളെങ്കിലും ദയവായി മനസ്സിലാക്കുക. സ്ത്രീനഗ്നതയ്ക്ക് മാർക്കറ്റിൽ നല്ല മൂല്യം ഉള്ളതുകൊണ്ട്, അതിന്റെ പേരിലുള്ള ചൂഷണങ്ങൾ ദയവായി തിരിച്ചറിയുക.

ഞാ, ഇനി ഒരു ആങ്ങള കൂടിയുണ്ട്... ബൈബിൾആങ്ങള! സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിക്കണമത്രേ (1 തിമൊഥെയൊസ് 2:9)!!! അപ്പോൾ സൈബർ ആങ്ങളമാർ ഒറ്റയ്ക്കല്ല. ❍

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th October 2020

Posted at
Thrissur RMS

**ആനുകാലികം**

## പാറപൊട്ടിക്കലും ഉരുൾപൊട്ടലും!

സംസ്ഥാനത്ത് കരിങ്കൽ ക്വാറികൾ നിമിത്തമാണ് ഉരുൾപൊട്ടലുണ്ടാകുന്നത് എന്നു പലരും പറയാറുണ്ട്. പാറ പൊട്ടിക്കൽ ഉരുൾപൊട്ടലിനു കാരണമാകുന്നു എന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. കേരളത്തെ തുടർച്ചയായി മൂന്നു കൊല്ലം ഉരുൾപൊട്ടൽ കണ്ണീരണിയിച്ചു. 2018 ൽ തൃശ്ശൂരിലെ കുറാഞ്ചേരി, 2019 ൽ മലപ്പുറത്തെ കവളപ്പാറ, 2020 ൽ ഇടുക്കിയിലെ രാജമല എന്നിവിടങ്ങളിലെല്ലാം ജനങ്ങൾ ഉരുൾപൊട്ടലിന്റെ കയ്പുരസം കുടിക്കേണ്ടിവന്നു.

സംശയത്തിന്റെ ചൂണ്ടുവിരൽ ആദ്യം തന്നെ നീണ്ടത് കരിങ്കൽ ക്വാറികളിലേക്കാണ്. പാറ പൊട്ടിക്കുന്നത് കുന്നുകളുടെ തനതായ ഉറപ്പിനെ ദോഷകരമായി ബാധിക്കുന്നുവെന്നും, പിന്നീട് അമിതമായ തോതിൽ മഴ പെയ്യുമ്പോൾ ഉരുൾപൊട്ടൽ സംഭവിക്കുന്നുവെന്നും ജിയോളജിസ്റ്റുകളും പ്രകൃതിസംരക്ഷകരും വിലയിരുത്തി.

എന്നാൽ നിയമസഭയുടെ പരിസ്ഥിതി സമിതി കണ്ടെത്തിയത് മറ്റൊന്നാണ്: പാറ പൊട്ടിച്ചാൽ ഉരുൾപൊട്ടലുണ്ടാകുമെന്ന ചിന്തയ്ക്ക് ശാസ്ത്രീയമായ തെളിവില്ലെന്നാണ് സമിതി കണ്ടെത്തിയത്. സംസ്ഥാനത്തെ കരിങ്കൽ ക്വാറികളെക്കുറിച്ചുള്ള റിപ്പോർട്ടിലാണ് മുല്ലക്കര രത്നാകരൻ അദ്ധ്യക്ഷനായുള്ള സമിതി ഇങ്ങനെ അഭിപ്രായപ്പെട്ടത്. ഏതൊക്കെയാണാവോ ശരി? (2020 സെപ്റ്റംബർ 23 ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V